പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3181 — 11/12/2014 -ൽ മറുപടിക്ക്

**രജിസ്ട്രേഷൻ വകുപ്പിലെ മോഡേണൈസേഷൻ തസ്തിക**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി.സതീശൻ. | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) നിലവിലുള്ള രജിസ്ട്രേഷൻ പ്രക്രിയകൾ ആധുനികവത്ക്കരിക്കുന്നതിനും, ലഘൂകരിക്കുന്നതിനും, രജിസ്ട്രേഷൻ വകുപ്പിൽ മോഡേണൈസേഷൻ തസ്തിക എന്നു സൃഷ്ടിച്ചു; എന്തൊക്കെ ജോലികൾ നിർവ്വചിച്ചു കൊടുത്തിട്ടുണ്ടെന്നു വ്യക്തമാക്കാമോ; | എ) 8/6/2012 ലെ ജി.ഒ.(എം.എസ്) 98/2012/റ്റിഡി. നമ്പർ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ വകുപ്പിൽ ഇൻസ്പെക്ടർ ജനറൽ (മോഡേണൈസേഷൻ) എന്ന തസ്തിക സൃഷ്ടിച്ചു.<br>ടി ഉദ്യോഗസ്ഥന് ചുവടെ ചേർക്കും പ്രകാരമുള്ള ചുമതലകൾ നിർവ്വചിച്ചു നൽകിയിട്ടുണ്ട്:<br>1. രജിസ്ട്രേഷൻ മാന്വൽ കാലോചിതമായി പരിഷ്ക്കരിക്കുക.<br>2. ഫെയർവാല്യു നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കാനുള്ള ശുപാർശകൾ നൽകുക.<br>3. രജിസ്ട്രേഷൻ വകുപ്പ് കൈകാര്യം ചെയ്യുന്ന നിയമങ്ങളിലെ പോരായ്മകൾ പരിഹരിക്കാനുള്ള ശുപാർശകൾ നൽകുക.<br>4. റവന്യൂ രേഖകളിലെ ഓൺലൈൻ മ്യൂട്ടേഷൻ, കമ്പ്യൂട്ടറൈസേഷൻ, ഇ-ഗവേണൻസ് മുതലായവ സാധ്യമാക്കാനായി, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനുള്ള NLRMP പദ്ധതിക്ക് കീഴിലുള്ള സമഗ്ര സേവന പ്രദാന പദ്ധതി നടപ്പിലാക്കുന്നതിലെ തടസ്സങ്ങൾ നീക്കാനുള്ള ശുപാർശകൾ നൽകുക. |

ബി) തസ്തിക സൃഷ്ടിച്ച് ഉത്തരവായതിൻ പ്രകാരം ടി ഉത്തരവിൽ നിർവ്വചിച്ചതു പ്രകാരം എന്തെല്ലാം ജോലികൾ ടി ഉദ്യോഗസ്ഥൻ നാളിതുവരെ ചെയ്തിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും റിപ്പോർട്ടുകൾ സർക്കാരിനു സമർപ്പിച്ചിട്ടുണ്ടോ ?

ബി) ആധാരങ്ങളുടെ ഡിജിറ്റലൈസേഷൻ, 1980 മുതൽ 1989 വരെയുള്ള ഡാറ്റാ എൻട്രി പൂർത്തിയാക്കൽ, സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ വാല്യങ്ങളിലായി സൂക്ഷിച്ചിരിക്കുന്ന ആധാര വിവരങ്ങൾ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ എന്നിവ നടത്തിവരുന്നു. ആധാര രജിസ്ട്രേഷനുകൾക്കായി ആധാര കക്ഷികളുടെ സൗകര്യാർത്ഥം തീയതിയും സമയവും മുൻകൂട്ടി നിശ്ചയിക്കുന്നതിനുള്ള ടോക്കൺ സമ്പ്രദായം പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ ആറ് സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. മേൽ സൗകര്യം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട കമ്പ്യൂട്ടർവത്ക്കരണം, ഇ-ഗവേണൻസ്, ഫെയർവാല്യു നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കൽ എന്നിവ സംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് 7/3/2014-ലും, NLRMP-യിൽ ഉൾപ്പെടുത്തി രജിസ്റ്റർ വാല്യങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നത് സംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് 12/08/2014 ലും ഇ-ഗവേണൻസ് സംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് 24/10/2014-ലും സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.